©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2025 ഒക്ടോബർ 18
18th October 2025
1201 തുലാം 1
1st Thulam 1201
1947 ആശ്വിനം 26
26th Aswina 1947

നമ്പർ
No. 3703

GOVERNMENT OF KERALA

Labour and Skills (E) Department

NOTIFICATION

G.O.(P) No.97/2025/LBR

Dated, Thiruvananthapuram, 17th October, 2025
31st Kanni, 1201.

S. R. O. No. 1214/2025

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G.O.(P)No.134/2016/LBR. dated 6th August, 2016 and published as S.R.O. No.552/2016 in the Kerala Gazette Extraordinary No.1451 dated

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17th August, 2016, the Government of Kerala, after considering the objections and suggestions received on the draft proposal published as Notification No.LBRD-E1/144/2024-LBRD. dated 3rd March, 2025 in the Kerala Gazette Extraordinary No. 831 dated 5th March, 2025 as required under clause (b) of sub-section (1) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the classes of employees employed in the Cane and Bamboo Industry sector in the State of Kerala, as specified in the schedule below and fix the date of publication of this notification in the Official Gazette as the date on which the revised rates shall come into force.

SCHEDULE

I. Reed/Bamboo workers

Sl. No.	*Category/ Work*	*Rate of Wages (₹)*	*Work load for a day*
(1)	(2)	(3)	(4)
1.	**Piece Rate**		
(1)	Reed Cutting Workers	95 per bundle	Five bundles
	Mat weaving:		
(a)	Face mat	9 per Square feet	45 Square feet
(b)	Core mat	7 per Square feet	55 Square feet
(c)	Commercial mat	5 per Square feet	90 Square feet
2.	**Daily wage rates**		
	Skilled Workers		
(1)	Machine Operator	940	
(2)	Carpenter		
(3)	Painter		
(4)	Polisher		
(5)	Treatment Worker		
(6)	Treatment Processor		
(7)	Tile Worker		
(8)	Curtain Maker		
(9)	Weaver		
(10)	Tailoring Worker		
(11)	Bamboo Ornament Worker		
(12)	Plant Worker		

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)	(4)
	Unskilled Workers		
(1)	Assistant/ Helper	700	
(2)	General Worker		

II. Cane Workers (except manufacturing of furniture)

Sl. No.	*Category/ Work*	*Rate of Wages (₹)*
(1)	(2)	(3)
1.	Skilled Workers	
	1. Frame Worker	940
	2. Polisher	
	3. Other skilled workers	
2.	Unskilled Workers	
	1. Those who are engaged in the preparation of Cane and other preliminary works	800
	2. Helper	700
	3. Cleaner	670

III. Dearness Allowance

The piece rate and daily rated workers are eligible for Dearness Allowance (Variable DA) at the rate of Two Rupee and Thirty Paise per day for the increase of every one point above the 165 points of new series of the Consumer Price Index Number 2011-12=100 published for the District Headquarters concerned by the Economics and Statistics Department of the State Government.

For the eligibility of full Dearness Allowance, the piece rated workers have to complete the prescribed workload and for the purpose, the work output computed on each week has to be reckoned and Dearness Allowance shall be paid at the rate of one Dearness Allowance for a day with a maximum of six Dearness Allowances a week. The said Dearness Allowance is eligible only for those days in which the work has been done.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

IV. In the case of workers who are currently in receipt of any other benefits, they shall continue to receive the same.

V. Wherever the workers are actually in receipt of higher wages than the minimum wages as fixed above, they are entitled to continue to get such higher wages.

VI. The monthly rate in respect of those for whom daily rate is fixed shall be calculated by multiplying the daily rate by 26.

By order of the Governor,

SHANAVAS S.,

Special Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government had earlier revised the minimum rates of wages payable to the employees employed in the Cane and Bamboo Industry sector in the State of Kerala as per notification issued under G.O.(P)No.134/2016/LBR. dated 6th August, 2016 and published as S.R.O. No.552/2016 in the Kerala Gazette Extraordinary No.1451 dated 17th August, 2016. The Government have, now, decided to revise the existing minimum rates of wages in the said sector after considering the objections and suggestions on the draft proposal published as per Notification No.LBRD-E1/144/2024-LBRD. dated 3rd March, 2025 in the Kerala Gazette Extraordinary No. 831 dated 5th March, 2025 and on the advice of the Minimum Wages Advisory Board constituted under section 7 of the Minimum Wages Act, 1948 (Central Act 11 of 1948).

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി.) നം.97/2025/തൊഴിൽ തിരുവനന്തപുരം, തീയതി, 2025, ഒക്ടോബർ 17
1201, കന്നി 31.

എസ്. ആർ. ഒ. നമ്പർ 1214/2025

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2016 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 134/2016/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 17-ാം തീയതിയിലെ 1451-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 552/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട്, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2025 മാർച്ച് 3-ാം തീയതിയിലെ ഇ 1/144/2024/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2025 മാർച്ച് 5-ാം തീയതിയിലെ 831-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും, കേരള സർക്കാർ, സംസ്ഥാനത്തെ ചൂരൽ, മുള വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

I. ഈറ്റ/മുള തൊഴിലാളികൾ

ക്രമ. നം.	*വിഭാഗം/ജോലി*	*വേതന നിരക്ക് (₹)*	*ഒരു ദിവസത്തെ അദ്ധ്വാനഭാരം*
(1)	(2)	(3)	(4)
1.	**പീസ് റേറ്റ്**		
(1)	ഈറ്റ വെട്ടുന്നവർ	ഒരു കെട്ടിന് 95	അഞ്ച് കെട്ട്
	പനമ്പ് നെയ്ത്:		
(എ)	ഫെയ്സ് പനമ്പ്	ഒരു സ്ക്വയർ ഫീറ്റിന് 9	45 സ്ക്വയർ ഫീറ്റ്
(ബി)	കോർ പനമ്പ്	ഒരു സ്ക്വയർ ഫീറ്റിന് 7	55 സ്ക്വയർ ഫീറ്റ്
(സി)	കമേഴ്സ്യൽ പനമ്പ്	ഒരു സ്ക്വയർ ഫീറ്റിന് 5	90 സ്ക്വയർ ഫീറ്റ്
2.	**ദിവസവേതന നിരക്ക്**		
	സ്കിൽഡ് വിഭാഗം		
(1)	മെഷീൻ ഓപ്പറേറ്റർ	940	
(2)	കാർപെന്റർ		
(3)	പെയിന്റർ		
(4)	പോളിഷർ		
(5)	ട്രീറ്റ്മെന്റ് വർക്കർ		
(6)	ട്രീറ്റ്മെന്റ് പ്രോസസ്സർ		
(7)	ടൈൽ വർക്കർ		
(8)	കർട്ടൻ മേക്കർ		
(9)	വീവർ		
(10)	ടൈലറിംഗ് വർക്കർ		
(11)	ബാംബു ഓർണമെന്റ് വർക്കർ		
(12)	പ്ലാന്റ് വർക്കർ		
	അൺസ്കിൽഡ് വിഭാഗം		
(1)	അസിസ്റ്റന്റ്/ ഹെൽപ്പർ	700	
(2)	ജനറൽ വർക്കർ		

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

II. ചൂരൽ വിഭാഗം (ഫർണിച്ചർ നിർമ്മാണം ഒഴികെ)

ക്രമ. നം.	*വിഭാഗം/ജോലി*	*വേതന നിരക്ക് (₹)*
(1)	(2)	(3)
1.	*സ്കിൽഡ് വിഭാഗം*	
	1. ഫ്രയിം വർക്കർ 2. പോളിഷർ 3. മറ്റ് സ്കിൽഡ് ജോലിക്കാർ	940
2.	*അൺസ്കിൽഡ് വിഭാഗം*	
	1. ചൂരൽ തയ്യാറാക്കലിലും മറ്റു പ്രാഥമിക ജോലികളിലും ഏർപ്പെട്ടിരിക്കുന്നവർ	800
	2. ഹെൽപ്പർ	700
	3. ക്ലീനർ	670

III. ക്ഷാമബത്ത

പീസ്റേറ്റുകാർക്കും ദിവസവേതനക്കാർക്കും സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതതു ജില്ലാ കേന്ദ്രങ്ങൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന 2011-12=100 എന്ന ഉപഭോക്തൃവില സൂചികയുടെ 165 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം രണ്ട് രൂപ മുപ്പത് പൈസ നിരക്കിൽ മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത (വേരിയബിൾ ഡി.എ.) നൽകേണ്ടതാണ്.

പീസ്റേറ്റ് വിഭാഗക്കാർക്ക് മുഴുവൻ ക്ഷാമബത്തയും അനുവദിക്കുന്നതിന് നിർദ്ദിഷ്ട അദ്ധ്വാനഭാരം പൂർത്തിയാക്കിയിരിക്കേണ്ടതും ഈ ആവശ്യത്തിലേയ്ക്കായി ഓരോ ആഴ്ചയിലും തൊഴിൽ ഉൽപ്പാദനം കണക്കാക്കേണ്ടതും പ്രതിദിനം ഒരു ക്ഷാമബത്ത എന്ന നിരക്കിൽ ആഴ്ചയിൽ പരമാവധി 6 ക്ഷാമബത്തയും നൽകേണ്ടതാണ്. പ്രവൃത്തി ചെയ്ത ദിവസങ്ങളിൽ മാത്രമേ പ്രസ്തുത ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളു.

IV. നിലവിൽ മറ്റേതെങ്കിലും ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ സംഗതിയിൽ ആയത് തുടർന്നും ലഭിക്കേണ്ടതാണ്.

V. മേൽ നിശ്ചയിച്ച വേതന നിരക്കിനെക്കാൾ ഉയർന്ന വേതനം തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ ലഭിക്കുന്നിടത്ത് അപ്രകാരമുള്ള ഉയർന്ന വേതനം തുടർന്നും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

VI. ദിവസവേതനക്കാരുടെ പ്രതിമാസ വേതന നിരക്ക് ക്ഷാമബത്ത അടക്കമുള്ള പ്രതിദിന വേതനത്തെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഷാനവാസ് എസ്.,
സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ ചൂരൽ, മുള വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് നിശ്ചയിച്ചുകൊണ്ട് 2016 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 134/2016/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 17-ാം തീയതിയിലെ 1451-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 552/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. 2025 മാർച്ച് 3-ാം തീയതിയിലെ ഇ 1/144/2024/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2025 മാർച്ച് 5-ാം തീയതിയിലെ 831-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.18 07:04:16 +05:30